## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*7 — 25.04.2017 ൽ മറുപടിക്ക്

## നവകേരളം മിഷൻ

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം. വിൻസെന്റ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | നവകേരളം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) | സർക്കാർ നവകേരള മിഷൻ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി നാല് ബൃഹത്തായ പദ്ധതികൾ അഞ്ചു വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ വേണ്ടി നടപടി സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് സമഗ്രമായ മാർഗ്ഗരേഖ 19.04.2017 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 10/2017/ ആസവ പ്രകാരം പുറപ്പെട്ടുവിച്ചിട്ടുണ്ട്. നവകേരള നിർമ്മാണത്തിന് സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്ത വരും, ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങൾ മെച്ചപ്പെ ടുത്തുക, നിലവിലുള്ള പ്രവർത്തന രീതികൾ കാലാനുസൃതമായി മെച്ചപ്പെടുത്തി ചിട്ട യോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാര പ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതി യുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം പദ്ധതികളാണ് ഇതിനു വേണ്ടി രൂപീകരിച്ചിട്ടുള്ളത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | ബി) | താഴെപ്പറയുന്ന 4 വികസന മിഷനുകളാണ് ഈപദ്ധതിയിൽ ഉൾക്കൊള്ളി ച്ചിട്ടുള്ളത്.<br>I. സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി<br>II. ജന സൗഹൃദ സർക്കാർ ആശുപത്രികൾ<br>III. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി<br>IV. ശുചിത്വം- മാലിന്യ സംസ്കരണം , കൃഷി വികസനം , ജലവിഭവ സംരക്ഷണം എന്നി മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി<br><u>ലൈഫ് മിഷൻ</u><br>ലൈഫ് മിഷൻ **(Livelihood, Inclusion and Financial Empowerment):** സുരക്ഷിതവും മാന്യവുമായ ഭവനം എല്ലാ വിഭാഗം ജനങ്ങളുടേയും അടിസ്ഥാന ആവശ്യ മാണ്. ഇത് ഉറപ്പാക്കുന്നതിനുള്ള സാഹചര്യ മൊരുക്കാനും സഹായം നൽകാനും സർക്കാരിന് ഉത്തരവാദിത്തമുണ്ട്. ഈ ചുമതല ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ പാർപ്പിട രംഗം നേരിടുന്ന ബഹുവിധമായ പ്രശ്നങ്ങൾക്ക് തനതായ പരിഹാര സമീപനങ്ങൾ ആവി ഷ്കരിച്ച് നടപ്പാക്കുകയാണ് ലൈഫ് മിഷന്റെ ഉദ്ദേശ്യം. അടിസ്ഥാന സൗകര്യങ്ങൾ അപ്രാ പ്യമായ വെറും കയറിക്കിടക്കാനുള്ള ഇടമെന്ന ഒറ്റപ്പെട്ട തുരുത്തുകളായി വീട് മാറാതെ സമൂഹത്തിൽ സുരക്ഷിതമായും സ്വാഭിമാന ത്തോടെയും നിലനിൽക്കാനും പ്രവർത്തിക്കാ നുമുള്ള സാഹചര്യമൊരുക്കുന്ന തോടൊപ്പം രോഗികളും വാർദ്ധക്യ ക്ലേശമനുഭവിക്കുന്നവ രുമായ കുടുംബാംഗങ്ങളെ സംരക്ഷിക്കാനും വരുംതലമുറയെ സാമൂഹിക ബോധമുള്ള നല്ല പൗരജനങ്ങളായി വളർത്തിയെടുക്കാനുമുതകുന്ന ഇടങ്ങളായിരി ക്കണമെന്ന സമീപനത്തിൽ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിതമായിരിക്കും ഈമിഷന്റെ പ്രവർത്തന പദ്ധതി.<br><br>**<u>ആർദ്രം മിഷൻ</u>**<br><br>ആദിവാസികൾ, മൽസ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടേയും സ്ത്രീകളുടേയും പ്രായാധിക്യമുള്ളവരുടേയും ആരോഗ്യാവശ്യങ്ങൾ നിറവേറ്റുന്നതിനായി മുൻഗണനാടിസ്ഥാനത്തിൽ മിഷൻ പ്രവർത്തനങ്ങളുണ്ടാകും. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുക, ജീവിതശൈലീ രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെത്തട്ടിൽ നിന്നുതന്നെയുള്ള നിയന്ത്രണം എന്നിവയൊക്കെ കോർത്തിണക്കിക്കൊണ്ടാണ് ആർദ്രം മിഷൻ രൂപകല്പന ചെയ്തിരിക്കുന്നത്<br><br>**<u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>**<br><br>പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതുആസ്തികളായി സ്കൂളുകളെ മാറ്റുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമാക്കുന്നത്. ഇതിന് പര്യാപ്തമായ രീതിയിൽ പൊതുവിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ച |

| | | | |
|---|---|---|---|
| | | | പ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണികൾ, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേക്കുയർത്തണം. ഇതിന് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, നൂതന വിവരസാങ്കേതികവിദ്യാ സങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിലും ഉറപ്പുവരുത്തണം. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അധ്യാപക-രക്ഷകർത്തൃ സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങി വിവിധ സംഘടനകളുടേയും പൊതു സമൂഹത്തിന്റെയും ബൗദ്ധികവും സാമ്പത്തികവുമായ സഹായവും പൊതു വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനവും കൂട്ടിയോജിപ്പിച്ചാണ് ഇത് സാധ്യമാക്കുക.<br><br>ഹരിതകേരളം മിഷൻ<br>കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിത കേരള മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മിഷൻ വഴി ലക്ഷ്യമിടുന്നുണ്ട്. |
| സി) | പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | സി) | വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി മുന്നോട്ട് കൊണ്ടുപോകുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4 മിഷനുകളും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി എംപവേർഡ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റി സംസ്ഥാന തലത്തിൽ പ്രവർത്തിച്ചു വരുന്നു. ജില്ലാ/ ബ്ലോക്ക്/ നഗരസഭ/ ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഒരു ഏകീകൃത മിഷൻ സംവിധാനവും ഓരോ തലത്തിലും ശുചിത്വം, കൃഷി, ജലവിഭവം എന്നീ മൂന്നു മേഖലകളിൽ കർമ്മ സേനകളും ഫലപ്രദമായി പ്രവർത്തിച്ച് ഏകോപനം സാധ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ